

09/05/2025

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA


Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/05/2025

1. കൃഷിവകുപ്പിന് കീഴിൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം എസ്.എഫ്.എ.സി. നടപ്പാക്കുന്ന ഫോർമേഷൻ ആൻ്റ് പ്രമോഷൻ ഓഫ് എഫ്.പി.ഒ. എന്ന പദ്ധതി അനുസരിച്ചുള്ള ആനുകൂല്യത്തിനായി തിരുവനന്തപുരം ജില്ലയിൽ നിന്ന് 6303 എഫ്.പി.ഒ.യെ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് താല്പര്യമുള്ള എഫ്.പി.ഒ.കൾ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷഫോറവും അനുബന്ധ രേഖകളും 09.05.2024 ന് വൈകുന്നേരം 4.30 ന് മുമ്പായി തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോറത്തിൻ്റെ മാതൃകയും മറ്റ് വിശദാംശങ്ങളും കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനിൽ അഞ്ചാം നിലയിൽ പ്രവർത്തിക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറേറ്റിൽ നിന്ന് ലഭിക്കുന്നതാണ്.

2. കാർഷിക വികസന ക്ഷേമ വകുപ്പ് കേരള സമോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം ആത്മ മുഖേന സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ സഹായത്തോടെ കർഷക ഉൽപാദന സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു. ഫാം പ്ലാൻ പദ്ധതിയുടെ ഭാഗമായി ബ്ലോക്കുകളിൽ രൂപീകരിച്ച് രജിസ്റ്റർ ചെയ്ത് ഒരു വർഷം തികഞ്ഞ കർഷക ഉൽപാദക സംഘങ്ങൾ, മുൻകാലങ്ങളിൽ ഇതേ ഘടകത്തിൽ സാമ്പത്തിക സഹായം ലഭിക്കാത്ത രജിസ്റ്റർ ചെയ്ത് മൂന്ന് വർഷം തികഞ്ഞ കർഷക ഉൽപാദക കമ്പനികൾ എന്നിവർക്ക് അപേക്ഷിക്കാം. മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രൊജക്ട് ചെലവിന്റെ 80 ശതമാനം സഹായം അനുവദിക്കും. അവസാന തീയതി മെയ് 15. കൂടുതൽ വിവരങ്ങൾക്ക്ഫോൺ നമ്പർ 04734 296180.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കുളമ്പുരോഗ നിയന്ത്രണ പദ്ധതി 6-ാം ഘട്ടം 2025 മെയ് 2 മുതൽ 23 വരെ നടന്നു വരുന്നു. 4 മാസവും അതിന് മുകളിലും പ്രായമുള്ള പശു, എരുമ വർഗ്ഗത്തിലുള്ള എല്ലാ ഉരുക്കളേയും കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കേണ്ടതാണ്.

4. കാർഷിക സ്റ്റാർട്ടപ്പുകൾക്കായി പുതിയ ആശയങ്ങളുണ്ടെങ്കിൽ മണ്ണുത്തി കാർഷിക സർവകലാശാലയിലെ അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മാർഗനിർദേശവും പരിശീലനവും നൽകും. ഇതോടൊപ്പം 25 ലക്ഷം രൂപ വരെ ധനസഹായവും ലഭിക്കും. പുതുമയുള്ള ആശയമുള്ളവർക്കു സുവർണാവസരമാണ് ഈ പദ്ധതിയിലൂടെ തുറന്നു കിട്ടുന്നത്. കൂടുതൽ വിവരങ്ങൾക്ക്: ഡോ. കെ.പി. സുധീർ, അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മേധാവി rabi@kau.in കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ ഫോൺ നമ്പർ. 9778436265/ 0487 243 8332/ 8330801782/ 9496108185, e -mail: rabi@kau.in

5. വെള്ളായണി കാർഷിക കോളേജിലെ മോളിക്യുലാർ ബയോളജി & ബയോടെക്നോളജി ഡിപ്പാർട്മെൻ്റിലെ ബയോ-ഇൻഫർമാറ്റിക്സ് വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് പ്രൊഫസ്സറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും നിർദ്ദിഷ്ട ഫോർമാറ്റിലുള്ള അപേക്ഷകൾ (KAU website സന്ദർശിക്കുക) ക്ഷണിക്കുന്നു. പ്രതിമാസം പരമാവധി വേതനം 44,100/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. കരാർ അടിസ്ഥാനത്തിൽ പരമാവധി ഒരുവർഷത്തേക്കോ/സ്ഥിരനിയമനം നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെയായിരിക്കും നിയമനം. അപേക്ഷ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ നോട്ടിഫിക്കേഷനിൽ പരാമർശിച്ചിട്ടുള്ള വിദ്യാഭ്യാസയോഗ്യത, പ്രവർത്തി പരിചയം തുടങ്ങിയവയുടെ അസ്സൽ സർട്ടിഫിക്കറ്റുകളും, അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം തിരുവനന്തപുരത്തുള്ള വെള്ളായണി കാർഷിക കോളേജ്, ഡീൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഓഫ് ഫാക്കൽറ്റിയുടെ ഓഫീസിൽ 15/05/2025-രാവിലെ 09.30 മണിക്ക് അഭിമുഖത്തിന് ഹാജരാകേണ്ടതാണ്. നെറ്റ് യോഗ്യതയുള്ളവരുടെ അഭാവത്തിൽ നെറ്റ് യോഗ്യതയില്ലാത്തവരെയും പരിഗണിക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

6. 2025-26 സാമ്പത്തിക പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ 12 ക്ഷീര വികസന യൂണിറ്റുകളുടെയും പരിധിയിൽ ഡയറി പ്രമോട്ടറായി പ്രവർത്തിക്കുന്നതിന് 18നും 45 നും ഇടയിൽ പ്രായമുള്ള എസ്എസ്എൽസി അടിസ്ഥാന യോഗ്യത ഉള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. താല്പര്യമുള്ളവർ 14/05/2025 വൈകിട്ട് 3 മണിക്ക് മുമ്പായി ക്ഷീരവികസന യൂണിറ്റ് ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾ അതാതു ക്ഷീര വികസന യൂണിറ്റ് ഓഫീസുകളിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷകരുടെ അഭിമുഖം 19/05/2025 9.30 AM മണിക്ക് തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം (പട്ടം, തിരുവനന്തപുരം) വച്ച് നടത്തുന്നതാണ്.

7. വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം "ഓട്ടോക്കാഡിലൂടെ ലാൻഡ്സകേപ്പ് ഡിസെയിനിങ്" എന്ന വിഷയത്തിൽ അഞ്ചു ദിവസത്തെ ഓൺലൈൻ പരിശീലനം നടത്തുന്നു. ഓട്ടോക്കാഡിന്റെ വിശദമായ ഉപയോഗം, ഓട്ടോക്കാഡിൽ വിവധ തരത്തിലുള്ള പൂന്തോട്ടങ്ങളുടെ നിർമ്മാണം, അവയുടെ കൃത്യവും വ്യക്തവുമായുള്ള അവതരണം എന്നീ വിഷയങ്ങളിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. മെയ് മാസം 12 മുതൽ 16 വരെയാണ് പരിശീലനം. ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ ഓൺലൈനായി പങ്കെടുക്കാം. 1000 രൂപയാണ് പരിശീലന ഫീസ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് https://forms.gle/KhKicHrzeuHGodwZ6 എന്ന ലിങ്ക് ഉപയോഗിച്ച് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങള്ക്ക് +91

8547837256 എന്ന നമ്പറിലും celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും ബന്ധപ്പെടാവുന്നതാണ്.

8. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെൻ്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച്. ഉപഭോക്താവിൻ്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. കുടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487 2370773

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം